# കടങ്ങോട് ഗ്രാമപഞ്ചായത്ത്

## കുടുംബശ്രീ സിഡിഎസ് കോവിഡ് 19 ഡോക്യുമെന്റേഷൻ

## കോവിഡ് കാല പ്രവർത്തനങ്ങൾ

### ആമുഖം

കടങ്ങോട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്സിലും കൊറോണ വൈറസ് വ്യാപനത്തിനെതിരെ പ്രഖ്യാപിച്ച ലോക്ക് ഡൗൺ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടു ്.സാമ്പത്തികമായും സാമൂഹികമായും ഇത് ജനങ്ങളെ ബാധിച്ചു.ഇതെല്ലാം തരണം ചെയ്ത് മുന്നേറിക്കൊ ിരിക്കുകയാണ് കടങ്ങോട് ഗ്രാമപഞ്ചായത്തും കുടുംബശ്രീ സി.ഡി.എസ്സും.

### സി.ഡി.എസ്സിന്റെ പ്രവർത്തനങ്ങൾ

കൊറോണ വൈറസ് വ്യാപനത്തിനെതിരെ ലോക്ക് ഡൗൺ പ്രഖ്യാപിച്ച ദിവസങ്ങളിലും കടങ്ങോട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് കർമ്മനിരതമായിരുന്നു.സി.ഡി.എസ് എ.ഡി.എസ് മീറ്റിംഗുകൾ നടത്താൻ കഴിയാത്തതിനാൽ സി.ഡി.എസ് തലത്തിലും.എ.ഡി.എസ് തലത്തിലും വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് അതിലൂടെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.കൂടാതെ അയൽക്കൂട്ട തലത്തിലും ഗ്രൂപ്പുകളു ാക്കാൻ നിർദ്ദേശം കൊടുക്കുകയും അതിൻ പ്രകാരം 210 അയൽക്കൂട്ടങ്ങളും ഗ്രൂപ്പുകളു ാക്കുകയും ചെയ്തു.ഈ 210 അയൽക്കൂട്ടങ്ങളിൽ നിന്നും 2 പേരെ ഉൾപ്പെടുത്തി സി.ഡി.എസ് തലത്തിൽ വാട്സാപ്പ് ഗ്രൂപ്പു ാക്കുകയും ചെയ്തു.ഈ ഗ്രൂപ്പിലൂടെ അയൽക്കൂട്ട തലത്തിലേക്ക് നിർദ്ദേശങ്ങൾ എത്തിക്കാം.ലോക്ക് ഡൗൺ കാലത്ത് മുഖ്യമന്ത്രി അയൽക്കൂട്ടാംഗങ്ങൾക്ക് മുഖ്യമന്ത്രി സഹായഹസ്തം ലോൺ പ്രഖ്യാപിച്ചപ്പോൾ ലോൺ വേ വരുടെ കണക്കെടുക്കാനും ഈ ഗ്രൂപ്പ് സഹായകമായി.

### കമ്മ്യൂണിറ്റി കിച്ചൻ

കമ്മ്യൂണിറ്റി കിച്ചൻ തുടങ്ങാൻ ഗവൺമെന്റ് തീരുമാനമെടുത്ത ഉടനെ തന്നെ കമ്മ്യൂണിറ്റി കിച്ചൻആരംഭിച്ച പഞ്ചായത്താണ് കടങ്ങോട് ഗ്രാമപഞ്ചായത്ത്.അതിന് വേ ി പഞ്ചായത്തിനൊപ്പംതോളോട് തോൾ ചേർന്ന് പ്രവർത്തിച്ചത് കുടുംബശ്രീയും കുടുംബശ്രീ സംരംഭമായ വനിത കുടുംബശ്രീ കാന്റീനുമാണ്.വനിത കുടുംബശ്രീ കാന്റീൻ പ്രവർത്തർ രാപകൽ കഷ്ടപ്പെട്ടാണ് ഭക്ഷണസാധനങ്ങൾ ഉ ാക്കി കൃത്യസമയത്ത് നൽകിയത്.കമ്മ്യൂണിറ്റി കിച്ചനിലൂടെ നിരവധി അഗതി കുടുംബങ്ങൾക്ക് ഭക്ഷണം കൊടുക്കാനും സാധിച്ചു. ദുരിതമനുഭവിക്കുന്ന ലോക്ക് ഡൗൺകാലത്തും സി.ഡി.എസ്സിലെ അയൽക്കൂട്ടങ്ങൾ കമ്മ്യൂണിറ്റി കിച്ചനിലേക്ക് സാമൂഹിക അകലം പാലിച്ചുകൊ ് പച്ചക്കറികളും പലവ്യഞ്ജനങ്ങളും എത്തിച്ചുകൊടുക്കുകയും ചെയ്തു.

കമ്മ്യൂണിറ്റി കിച്ചൻ അവസാനിപ്പിച്ചെങ്കിലും ജനകീയ ഹോട്ടലായി രൂപം മാറിയ വനിത കാന്റീൻ പ്രവാസികൾ താമസിക്കുന്ന കോവിഡ് സെന്ററിലേക്കും ഭക്ഷണം എത്തിക്കുന്നു ്.









ആരും പുറത്തിറങ്ങാത്ത ലോക്ക് ഡൗൺ കാലത്തും കടങ്ങോട് സി.ഡി.എസ്സിലെ സി.ഡി.എസ് മെമ്പർമാർ പഞ്ചായത്തിൽ നിന്നും ലഭിച്ച വിത്തുകൾ വീടുകൾ തോറും എത്തിക്കുന്ന തിരക്കിലായിരുന്നു.ഓരോ വീട്ടിലും വിഷരഹിത പച്ചക്കറി ഉ ാക്കാൻ ഇത് സഹായിച്ചു.അതോടൊപ്പം ദുരിതമനുഭവിക്കുന്ന അഗതിരഹിത കേരളം ഒരു മാസത്തെ കിറ്റ് മുൻകൂറായി എത്തിക്കാനും സി.ഡി.എസ്സിന് സാധിച്ചു.കോവിഡ് വൈറസ് പടർന്ന് പിടിക്കുന്ന ഈ സമയത്ത് മാസ്ക്ക് നിർബന്ധമാക്കിയ സാഹചര്യത്തിൽ സി.ഡി.എസ്സിന് കീഴിലെ ടൈലറിംഗ് ഗ്രൂപ്പുകൾ ആയിരത്തോളം മാസ്ക്കുകളും നിർമ്മിച്ച് വിതരണം ചെയ്തു.

ബ്രേക്ക് ദി ചെയിന്റെ ഭാഗമാകാനും സി.ഡി.എസ്സിലെ അയൽക്കൂട്ടങ്ങൾക്ക് കഴിഞ്ഞു.ഓരോ അയൽക്കൂട്ടവും ആ പ്രദേശത്ത് ബ്രേക്ക് ദി ചെയിൻ ബോർഡുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കൈ കഴുകാനുള്ള വെള്ളം,സോപ്പ്,സാനിറ്റൈസർ എന്നിവ ലഭ്യമാക്കി.അതോടൊപ്പം അവരുടെ വീടുകളിലും ബോധഒന്റക്കരണം നടത്തി നാടിന്റെ ഉദ്യമത്തിൽ പങ്കാളിയായി.മുതിർന്നവരുടെ ഉദ്യമത്തെ അനുകരിച്ച് പ്രദേശത്തെ ബാലസഭ കുട്ടികളും ബ്രേക്ക് ദി ചെയിന്റെ ഭാഗമായത് എടുത്ത് പറയേ കാര്യമാണ്





## മുഖ്യമന്ത്രി സഹായഹസ്തം ലോൺ

142 അയൽക്കൂട്ടങ്ങളിലെ ദുരിതമനുഭവിക്കുന്ന 1843 അയൽക്കൂട്ടാംഗങ്ങൾക്ക് കൈതാങ്ങാകാൻ മുഖ്യമന്ത്രി സഹായഹസ്തം പദ്ധതിക്ക് കഴിഞ്ഞു.ഈ പദ്ധതി പ്രകാരം ഓരോഅംഗത്തിനും 6 മാസം മൊറട്ടോറിയത്തോടെ 9000/- രൂപ ലഭിച്ചു.ഈ പദ്ധതിയുടെ വിജയത്തിന് സി.ഡി. എസ്സിനോടൊപ്പം ബാങ്കുകളും വളരെയധികം സഹകരിച്ചിട്ടു ്.

ഇനിയുള്ള ദിവസങ്ങളിലും അയൽക്കൂട്ടങ്ങൾക്ക് കൈതാങ്ങായി കോവിഡിനെ പ്രതിരോധിച്ച് കടങ്ങോട് സി.ഡി.എസ്സ് മുന്നോട്ട് പോകും.

കടങ്ങോട് സിഡിഎസ് ചെയർപേഴ്സൺ ദിവ്യ phone no 9947373601

BLOCK CO-ORDINATOR MKSP JASMIN JOHN phone no 9526170594